പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6217 — 31.10.2011-ൽ മറുപടിയ്ക്ക്

ഗാർഹിക ഉപഭോക്താക്കൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) 120 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്നവരെ സർചാർജ്ജിൽ നിന്ന് ഒഴിവാക്കപ്പെടുമെന്നിരിക്കെ പ്രസ്തുത ആനുകൂല്യം സാധാരണഗതിയിൽ എത്ര ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ ; | (എ) ആകെയുള്ള 81.84 ലക്ഷം ഗാർഹിക ഉപഭോക്താക്കളിൽ പ്രസ്തുത ആനുകൂല്യം പ്രയോജനപ്പെടുന്നത് 67.82 ലക്ഷം ഉപഭോക്താക്കൾക്കാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) കെ. എസ്. ഇ. ബി. യുടെ കണക്കുകൾ പ്രകാരം ഗാർഹിക ഉപഭോക്താക്കളിൽ എത്ര ലക്ഷം പേർ സർചാർജ് നൽകേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ; | (ബി) ഏകദേശം 14.02 ലക്ഷം ഉപഭോക്താക്കൾ. |
| (സി) 120 യൂണിറ്റ് വരെ ഉപയോഗിക്കുന്നവരെ സർചാർജ്ജിൽ നിന്ന് ഒഴിവാക്കിയാൽ അതിനു പകരമായി സർക്കാർ എത്ര കോടി രൂപ കെ. എസ്. ഇ. ബി. ക്ക് നൽകേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ; | (സി) 54.60 കോടി രൂപ. |
| (ഡി) ബോർഡിന്റെ വരുമാനത്തിന്റെ എഴുപതു ശതമാനവും വാണിജ്യ വ്യാവസായിക ഉപഭോക്താക്കളിൽ നിന്നാണോ ലഭിക്കുന്നത് ; വ്യക്തമാക്കാമോ ; | (ഡി) ആകെ ഉപഭോഗത്തിന്റെ 49.3 ശതമാനം ഉപയോഗിക്കുന്ന വാണിജ്യ വ്യാവസായിക ഉപഭോക്താക്കളിൽ നിന്നുള്ള വരുമാനം ആകെ വരുമാനത്തിന്റെ 70 ശതമാനത്തോളമാണ്. എന്നാൽ ആകെ വൈദ്യുതി ഉപഭോഗത്തിന്റെ 47.23% ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളിൽ |

നിന്നുള്ള വരുമാനം കേവലം 26.23% ആണ്.

(ഇ) എങ്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് പരിധി നിശ്ചയിക്കുകയും മറ്റുള്ള വിഭാഗങ്ങൾക്കും സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്താൽ ബോർഡിന് വരുമാനം വർദ്ധിപ്പിക്കാനും ഇടത്തരം ഉപഭോക്താക്കൾക്ക് ഇളവനുവദിക്കാനും കഴിയും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(ഇ) ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സെക്ഷൻ 181 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 08-01-2010 ൽ പുറപ്പെടുവിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (ഫ്യൂവൽ സർചാർജ്ജ് ഫോർമുല) റെഗുലേഷൻ 2009 അനുസരിച്ച്, 20 യൂണിറ്റിൽ കവിയാത്ത പ്രതിമാസ ഉപഭോഗവും, 500 വാട്ടിൽ കവിയാത്ത കണക്ടഡ് ലോഡുമുള്ള ഗാർഹിക ഉപഭോക്താക്കൾ ഒഴികെ മുഴുവൻ ഉപഭോക്താക്കളിൽ നിന്നും ഫ്യൂവൽ സർചാർജ്ജ് ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.